നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**<u>വിജ്ഞാപനം</u>**

# 2010 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള ആറാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള **ആറാം ഘട്ട അലോട്ടുമെന്റ് 19.09.2010 ന് പ്രസിദ്ധീകരിക്കുന്നതാണ്.** ആറാം ഘട്ട അലോട്ടുമെന്റിൽ, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും **സെപ്റ്റംബർ 17-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ** **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ആറാം ഘട്ട അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **സെപ്റ്റംബർ 20, 22, 23 തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കി **സെപ്റ്റംബർ 22, 23 തീയതികളിൽ** അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അഞ്ചാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സെപ്റ്റംബർ 14, 15 തീയതികളിൽ ഫീസ് അടച്ച് സെപ്റ്റംബർ 15, 16 തീയതികളിൽ അഡ്മിഷന് ഹാജരാകണമെന്ന് മുൻവിജ്ഞാപനപ്രകാരം അറിയിച്ചിരുന്നു. **എന്നാൽ, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനത്തിനായി വിദ്യാർത്ഥികൾ സെപ്റ്റംബർ 19 ന് പ്രസിദ്ധീകരിക്കുന്ന ആറാം ഘട്ട അലോട്ടുമെന്റിനുശേഷം സെപ്റ്റംബർ 22, 23 തീയതികളിൽ ഹാജരായാൽ മതിയാകും.**

അഞ്ചാം ഘട്ട അലോട്ടുമെന്റിൽ എഞ്ചിനീയറിംഗ്/ആയുർവ്വേദ/ഹോമിയോ/സിദ്ധ/കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും അലോട്ടുമെന്റ് ലഭിച്ച് സെപ്റ്റംബർ 14, 15 തീയതികളിൽ ഫീസ് ഒടുക്കാതെ ഒഴിവുവന്ന സീറ്റുകൾ ആറാം ഘട്ട അലോട്ടുമെന്റിൽ നികത്തുന്നതാണ്.

**ആറാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു :**

| | |
|---|---|
| **17.09.2010** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ) | ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്ന തിനുമുള്ള സൗകര്യം വെബ്സൈറ്റിൽ ലഭ്യമാകുന്നു. |
| **19.09.2010** | ആറാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിക്കുന്നു |
| 20.09.2010, 22.09.2010 & 23.09.2010 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം. |
| 22.09.2010 & 23.09.2010 | ആറാം ഘട്ട അലോട്ടുമെന്റിൽ എല്ലാ കോഴ്സുകൾക്കും അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ അതതു കോളേ ജുകളിൽ പ്രവേശനത്തിനായി ഹാജരാകണം. |
| 24.09.2010 | എല്ലാ കോളേജ് അധികാരികളും നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് |

**ആറാം ഘട്ട അലോട്ടുമെന്റിൽ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :**

1. അഞ്ചാം ഘട്ട അലോട്ടുമെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.

2. ആവശ്യമില്ലാത്ത ഓപ്ഷനുകൾ നിലനിർത്തി സർക്കാർ സീറ്റുകൾ ലാപ്സ് ആക്കുകയും മറ്റു വിദ്യാർത്ഥികൾക്ക് സർക്കാർ സീറ്റുകളിൽ പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിദ്യാർത്ഥികളുടെമേൽ പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4(c) പ്രകാരമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുകയും ഇവരുടെ കാൻഡിഡേച്ചർ ക്യാൻസൽ ചെയ്യുന്നതുമാണ്.

3. മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ലഭിക്കുന്ന അലോട്ടുമെന്റ്/റീ-അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ വിദ്യാർത്ഥികൾ അനാവശ്യമായ ഓപ്ഷനുകൾ നിലനിർത്താൻ പാടുള്ളതല്ല.

അലോട്ടുമെന്റിനേയും ഫീസ് ഒടുക്കുന്നതിനേയും സംബന്ധിച്ച ആധികാരിക വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **cee-kerala.org** സന്ദർശിക്കേണ്ടതാണ്. അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 - 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.09.2010